പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 972 | 14-10-2026-ൽ മറുപടിയ്ക്ക്

<u>ഭിന്നശേഷിക്കാർ,ട്രാൻസ്ജെൻഡറുകൾ,പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമവും പുനരധിവാസവും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എം. റഹ്മത്തുള്ള | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ സമഗ്ര പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വരുന്ന അനുയാത്ര, പരിരക്ഷ, സഹജീവം തുടങ്ങിയ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യനീതിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന അനുയാത്ര, പരിരക്ഷ തുടങ്ങിയ പദ്ധതികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

സഹജീവം എന്ന പേരിൽ സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.

**(ബി)** ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ, സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇവയുമായി ബന്ധപ്പെട്ട കുടിശ്ശിക തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാകിരണം, വിദ്യാജ്യോതി, പരിരക്ഷ, പരിണയം, മാതൃജ്യോതി, വിദൂര വിദ്യാഭ്യാസം, സഹചാരി, വിജയാമൃതം, ഇംപ്രസ്റ്റ് മണി, സ്വാശ്രയ, ശ്രേഷ്ഠം, ഭിന്നശേഷി കായിക താരങ്ങൾക്കുള്ള കായിക പദ്ധതി എന്നീ പദ്ധതികൾ സാമൂഹ്യനീതിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾക്ക് നടപ്പുസാമ്പത്തിക വർഷവും ഭരണാനുമതി നൽകിയിട്ടുണ്ട്. വിദ്യാകിരണം, പരിരക്ഷ, പരിണയം, മാതൃജ്യോതി, സ്വാശ്രയ,സഹചാരി, ഇംപ്രസ്റ്റ് മണി എന്നീ പദ്ധതികൾക്കായി 2025-26 സാമ്പത്തിക വർഷത്തെ  കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി നടപ്പുവർഷം

ഭരണാനുമതി നൽകിയിട്ടുണ്ട്.

**(സി)** ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങളുടെയും കെയർ ഹോമുകളുടെയും പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും കൃത്യമായ മേൽനോട്ടവും ഫണ്ട് വിതരണവും ഉറപ്പാക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

**മറുപടി:** സാമൂഹ്യനീതിവകുപ്പ് നേരിട്ട് നടത്തുന്ന ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങളും കെയർ ഹോമുകളും പ്രസ്തുത സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാരുടെ നിയന്ത്രണത്തിലും ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ഫണ്ട് കൃത്യമായി അനുവദിക്കുകയും ചെയ്യുന്നുണ്ട്.

മാനസിക ബുദ്ധിമുട്ടുള്ള ഭിന്നശേഷിക്കാരായ വ്യക്തികളുടെ പുനരധിവാസത്തിനായി വകുപ്പിന്റെ നിയന്ത്രണത്തിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സൈക്കോസോഷ്യൽ സ്ഥാപനങ്ങളിൽ അതത് ജില്ലാ കളക്ടർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന 4 അംഗസംഘം അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനു ശിപാർശ ചെയുകയും അതുപ്രകാരം ഗ്രാന്റ് അനുവദിച്ച് വരുകയും ചെയ്യുന്നു.

**(ഡി)** ഭിന്നശേഷിക്കാർക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും നൽകുന്ന വിവിധ ക്ഷേമ പദ്ധതികൾ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം പ്രത്യേക നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

**മറുപടി:** ജനങ്ങളുമായി ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ട ഭിന്നശേഷിക്കാർക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും നൽകുന്ന വിവിധ ക്ഷേമ പദ്ധതിപ്രവർത്തനങ്ങളുടെ ഒരു പ്രത്യേക മാർഗ്ഗരേഖ സാമൂഹ്യനീതി വകുപ്പ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം (CET) -ലെ ഡിപ്പാർട്മെന്റ് ഓഫ് ആർക്കിടെക്ടർ ആൻഡ് പ്ലാനിങ്ങിൽ പ്രവർത്തിക്കുന്ന ബാരിയർ ഫ്രീ കൺസൾട്ടൻസി സെല്ലിന്റെ (BFCC) സഹകരണത്തോടെ തയ്യാറാക്കിയിരുന്നു. പ്രസ്തുത മാർഗ്ഗരേഖയുടെ ഔദ്യോഗിക പ്രകാശനം 07.10.2026-ന് നിർവഹിച്ചിട്ടുള്ളതാണ്.

**(ഇ)** ട്രാൻസ്‌ജെൻഡർ വ്യക്തികളുടെ പുനരധിവാസം, സ്വയംതൊഴിൽ കണ്ടെത്തൽ, വിദ്യാഭ്യാസം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം (മഴവില്ല് പദ്ധതി) എന്നിവയ്ക്കായി നിലവിൽ നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കാമോ?

**മറുപടി:** ട്രാൻസ്‌ജെൻഡർ വ്യക്തികളുടെ പുനരധിവാസം, സ്വയംതൊഴിൽ കണ്ടെത്തൽ, വിദ്യാഭ്യാസം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം (മഴവില്ല് പദ്ധതി) എന്നിവയ്ക്കായി നിലവിൽ സാമൂഹ്യനീതിവകുപ്പ് മുഖാന്തരം നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും അനുബന്ധം -2 ആയി ചേർക്കുന്നു

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം-1</u>**

**<u>അനുയാത്ര പദ്ധതി</u>**

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി വകുപ്പിനുകീഴിലെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസിലൂടെ അനുയാത്ര പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. വൈകല്യം എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് ആദ്യ ഘട്ടമായി നടപ്പാക്കുന്നത്.

**1. കാതോരം**

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി, ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിൻറുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അക്വസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

കേൾവിപ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവിവൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നസ്സ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നിപ്മർ തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**2. റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.

**3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

വൈകല്യം ഉള്ള കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ നൽകി വൈകല്യത്തിന്റെ

തീവ്രത കുറയ്ക്കുന്നതിന് സാധിയ്ക്കും. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി തുടർച്ചയായി തെറാപ്പി ലഭ്യമാക്കുന്നതിനുള്ള പ്രായോഗികമായ പ്രയാസം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന തോതിൽ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. നാഷണൽ ഹെൽത്ത് മിഷന്റെ (NHM) സഹകരണത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത്.

**4. സ്പെഷ്യൽ അങ്കണവാടികൾ**

പ്രീസ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ പൊതുവിദ്യാലയത്തിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നത്. , ഒരു ഐ.സി.ഡി.എസ് പ്രോജക്ടിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ, 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻ വാടികളായി പ്രവർ ത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യുക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ഇവിടെ നൽകുന്നു. പദ്ധതിയിലൂടെ നാളിതുവരെ 2405 ഭിന്നശേഷിക്കാരായ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

**5. ഹോർട്ടികൾച്ചർ തെറാപ്പി**

ഭിന്നശേഷിപരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ആത്മവിശ്വാസം അവരിൽ വളർത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഇവിടെ ഈ പദ്ധതി വിജയകരമായി നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് പടന്നക്കാട് കാർഷിക കോളേജിലും പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നു.

**6. സ്പെക്ട്രം പദ്ധതി**

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഒരു സമഗ്രപദ്ധതിയാണ് സ്പെക്ട്രം. ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ചികിത്സ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ

രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**a) ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജ് ആശുപത്രികളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററുകളിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ , കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷ്യൻ, ഓഡിയോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെൻറ് തെറാപിസ്റ്റ് ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**b) റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന-ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനികസംവിധാനങ്ങളോട്ടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ചുവരുന്നു.

**7. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട്ടുകൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**8. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

കൂടുതലായും യുവാക്കളിൽ കണ്ടു വരുന്നതും, മരുന്നുകൾക്ക് അമിത വിലയുള്ളതും, ജീവിതകാലം മുഴുവൻ ചികിത്സ ആവശ്യമുള്ളതുമായ രോഗമാണ് ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ്. ഇത് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾ ക്ക് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ നോഡൽ സെന്ററുകളായി കണ്ടെത്തി സൗജന്യമായി ചികിത്സ നൽകി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരംഭിച്ചിട്ടുണ്ട്.

**9. മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

കൂടുതലായും യുവാക്കളിൽ കണ്ടു വരുന്നതും, മരുന്നുകൾക്ക് അമിത വിലയുള്ളതും, ജീവിതകാലം മുഴുവൻ ചികിത്സ ആവശ്യമുള്ളതുമായ രോഗമാണ് മൾട്ടിപ്പിൾ സ്ക്ലീറോസിസ്. ഇത് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സ സൗജന്യമായി നൽകിവരുന്നു. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികളും നോഡൽ സെന്ററുകളായി കണ്ടെത്തി രോഗികൾക്ക് ചികിത്സ സൗജന്യമായി ലഭ്യമാക്കിയും വരുന്നു.

**10. ഹെൽപ്പ് ഡെസ്ക്**

ഭിന്നശേഷിക്കാർക്ക് അർഹമായ വിവിധ സേവനങ്ങൾ, പദ്ധതികൾ , ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

**11. റിഥം" - കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അനുഗ്രഹീത കലാ പ്രതിഭകളുടെ സംസ്ഥാന ആർട്ട് ട്രൂപ്പ്.**

ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതി, കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകി പ്രസ്തുത കലയിൽ അവരെ വിദഗ്ധരാക്കി സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രസ്തുത പദ്ധതി പ്രകാരം തിരഞ്ഞെടുത്ത അനുഗ്രഹീത പ്രതിഭകളിൽ പെർഫോമിങ് ആർട്സ് ഇനത്തിൽ പരിപാടി അവതരിപ്പിച്ച 15 പ്രതിഭകളെ ഉൾപ്പെടുത്തി സംസ്ഥാനതല റിഥം ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഇവർക്കായി ഒരു വെർച്ച്വൽ പ്ലാറ്റ് ഫോം തയ്യാറാക്കി പ്രവർത്തിച്ചു വരുന്നു.

**<u>പരിരക്ഷ പദ്ധതി</u>**

അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, തുടങ്ങിയ അടിയന്തര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ധനസഹായം നൽകുന്നതിനുള്ള പരിരക്ഷ പദ്ധതി 2018-19 വർഷം മുതൽ നടത്തി വരുന്നു.

അനുബന്ധം-2

**ട്രാൻസ്ജെൻഡർ വ്യക്തികളുടെ പുനരധിവാസം, സ്വയംതൊഴിൽ കണ്ടെത്തൽ, വിദ്യാഭ്യാസം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം (മഴവില്ല് പദ്ധതി) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ**

1. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

സംസ്ഥാനത്തിനകത്തും പുറത്തും സർക്കാർ/ സർക്കാര്എയ്ഡഡ്/ സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ 7-ാം ക്ലാസ്സ് മുതൽ ഡിഗ്രി /പി ജി തലം വരെ പഠനം നടത്തുന്ന കേരളീയരായ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് 10 മാസകാലത്തേയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

ധനസഹായം:

7—10 ക്ലാസ് : 1,000 രൂപ × 10 മാസം

പ്ലസ് 1 / പ്ലസ് 2 : 1,500 രൂപ × 10 മാസം

ഡിപ്ലോമ / ഡിഗ്രി / പി.ജി / പ്രൊഫഷണൽ : 2,000 രൂപ ×10 മാസം

2 . സഫലം/ വർണ്ണം — പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും വിദൂര വിദ്യാഭ്യാസത്തിനും ധനസഹായം അനുവദിക്കുന്ന പദ്ധതി

അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (റെഗുലർ) പഠിക്കുന്നതിനായും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/പി.ജി./പി.ജിഡിപ്ലോമ/ ഡിപ്ലോമ/പ്രൊഫഷണൽ കോഴ്സ് തുടങ്ങിയ ഉന്നത കോഴ്സുകളിൽ പഠനം നടത്തുന്നതിനായും ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു വർഷം പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്. വിദൂര വിദ്യാഭ്യാസം നടത്തുന്നതിന് രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, പഠന കാലയളവിൽ അസൈൻമെന്റ്, പ്രോജക്ട് തുടങ്ങിയവ തയ്യാറാക്കുന്നതിന്, പഠന സാമഗ്രികൾ വാങ്ങുന്നതിന്, കോണ്ടാക്ട് ക്ലാസുകൾ/ പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി 24,000/- രൂപ വരെ അനുവദിക്കുന്നതാണ് .

3. “സമന്വയ' തുടർവിദ്യാഭ്യാസ പദ്ധതി.

പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം നൽകുന്നതിനും തുല്യതാപരീക്ഷ എഴുതുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതി. അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി 'സമന്വയ' എന്ന

പേരിൽ കേരള സംസ്ഥാന സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നു.

4. യത്നം' പദ്ധതി

UPSC, ബാങ്കിംഗ് സർവീസസ്, RRB, KPSC, UGC/NET/JRF എന്നിവ പോലുള്ള മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്‌ജെൻഡർ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേകപദ്ധതിയാണ് യത്നം പദ്ധതി. പരീക്ഷാ തയ്യാറെടുപ്പിനാവശ്യമായ സാമ്പത്തികവും അക്കാദമികവുമായ പിന്തുണയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ധനസഹായം:

പി എസ് സി, യു പി എസ് സി, ബാങ്കിംഗ് സർവ്വീസ്, ആർ ആർ ബി : 40,000/-രൂപ

യു.ജി.സി/നെറ്റ്/ജെ ആർ എഫ്/CAT/MAT/IELTS/AT : 40,000/- രൂപ

സൺഡേ/ഹോളിഡേ/ഈവനിംഗ് ഓൺലൈൻ കോഴ്സ് : 15,000/- രൂപ

5. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി

ട്രാൻസ്‌ജെൻഡർ വ്യക്തികൾക്ക് വിദേശരാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുന്ന പദ്ധതിയിൻകീഴിൽ വിദേശത്ത് ബിരുദാനന്തരബിരുദം, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പഠനം എന്നിവ നടത്താൻ ആഗ്രഹിക്കുന്ന ട്രാൻസ്‌ജെൻഡർ വ്യക്തികൾക്ക് പഠനച്ചെലവ്, വിസ, യാത്ര, ജീവിതച്ചെലവ് എന്നിവ മുഴുവനായി ഉൾക്കൊള്ളുന്നു.

6. സാകല്യം പദ്ധതി

ട്രാൻസ്‌ജെൻഡർ വ്യക്തികൾക്ക് തൊഴിൽ-നൈപുണ്യപരിശീലനം നൽകുന്നതിന് കോഴ്സ് ഫീസ് ,സ്റ്റൈപ്പന്റ് എന്നിവ നൽകുന്ന പദ്ധതിയാണ് സാകല്യം പദ്ധതി.

7. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം

ലിംഗപരിവർത്തന (Gender Affirming Surgery) ശസ്ത്രക്രിയനടത്തിയ ട്രാൻസ്‌ജെൻഡർ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

ധനസഹായം:

ട്രാൻസ്മെൻ - 5,00,000/- രൂപ വരെ

ട്രാൻസ് വുമൺ -2,50,000/- രൂപ വരെ

8. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞുള്ള പരിചരണ സഹായം

ലിംഗപരിവർത്തന ശസ്ത്രക്രിയയ്ക്ക് ശേഷം ശരീരം പൂർണമായി സുഖം പ്രാപിക്കുന്നതിനും പോഷകാഹാരത്തിനുമായി 12 മാസത്തേക്ക് മാസം 3000/- രൂപ വീതം 36,000/- രൂപയുടെ സഹായം നൽകുന്ന പദ്ധതി.

9. സ്വയംതൊഴിൽ ധനസഹായ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി കേരള വനിതാ വികസന കോർപ്പറേഷൻ വഴി 3 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതി.

10. സുഭദ്രം— ട്രാൻസ്ജെൻഡർ ഭവന പദ്ധതി

ഭവനരാഹിത്യം നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സുഭദ്രം പദ്ധതി. ഈ പദ്ധതി പ്രകാരം 3 തരം ഗുണഭോക്താക്കൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാകുന്നു.

ധനസഹായം:

I. LSGI / Kudumbashree / LIFE Mission / PMAY (U) പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പരമാവധി 2 ലക്ഷം രൂപ ഗ്യാപ് ഫണ്ട്.

II. സ്വന്തമായി ഭൂമിയുള്ള പക്ഷേ ലൈഫ്/കുടുംബശ്രീ ഗുണഭോക്താക്കളല്ലാത്തവർക്ക് പരമാവധി 6 ലക്ഷം രൂപ

III. ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിവാങ്ങലും നിർമ്മാണവും ഉൾപ്പെടുത്തി പരമാവധി 15 ലക്ഷം രൂപ

മേൽപരാമർശിച്ച പദ്ധതികളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം വർഷാവർഷം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്